പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 1887

04/05/2017 ൽ മറുപടിക്ക്

## സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | | **ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഇപ്പോൾ വ്യവസായ വകുപ്പിന് കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; | (എ) | വ്യവസായ വകുപ്പിന് കീഴിൽ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനടക്കം 42 പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് 2015-16 വർഷത്തിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചിരുന്നത്; ഇതേ കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം എത്ര രൂപയായിരുന്നു; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് 2015-16 വർഷത്തിൽ 10 പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചിരുന്നത്; ഇതേ കാലയളവിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം; | (സി) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം 13 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പേരുവിവരം അനുബന്ധം II ആയി ചേർക്കുന്നു. |
| (ഡി) | 2016-17 വർഷത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം എത്ര രൂപയാണ്; | (ഡി) | 2016-17 വർഷത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം അനുബന്ധം III ആയി ചേർക്കുന്നു. |
| ഇ) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിനും പുതിയ വ്യവസായ സ്ഥാപനങ്ങൾ പൊതുമേഖലയിൽ തുടങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധം IV ആയി ചേർക്കുന്നു. |

Bindumol.K.N

സെക്ഷൻ ഓഫീസർ

അനുബന്ധം (1)

| Sl. No. | Loss making Units | Loss (Lakh) |
|---|---|---|
| 1 | Kerala State Palmyrah Products Development & Workers Welfare Corporation Ltd | -10.89 |
| 2 | The Metal Industries Ltd | -5.74 |
| 3 | Keltron Component Complex Ltd | -96.93 |
| 4 | Hantex | -113.99 |
| 5 | Steel and Industrial Forgings Ltd | -118.24 |
| 6 | Traco Cable Company Ltd | -218.87 |
| 7 | Trivandrum Spinning Mills Ltd | -250.66 |
| 8 | Kerala State Handloom Development Corporation Ltd | -283.82 |
| 9 | Handicrafts Development Corporation (Kerala) Ltd | -306.84 |
| 10 | Kerala State Drugs & Pharmaceuticals Ltd | -334.28 |
| 11 | Alleppey Co-operative Spinning Mills Ltd | -434.50 |
| 12 | Travancore Titanium Products Ltd | -447.45 |
| 13 | The Kerala Ceramics Ltd | -456.05 |
| 14 | Kerala Clays & Ceramic Products Ltd | -456.96 |
| 15 | The Cannannore Co-operative Spinning Mills Ltd | -469.93 |
| 16 | Kerala Automobiles Ltd | -471.11 |
| 17 | Kerala Small Industries Development Corporation Ltd | -499.21 |
| 18 | Autocast Ltd | -533.73 |
| 19 | United Electrical Industries Ltd | -540.12 |
| 20 | The Travancore Cements Ltd | -569.00 |
| 21 | Travancore-Cochin Chemicals Ltd | -587.00 |
| 22 | The Quilon Co-operative Spinning Mills Ltd | -613.96 |
| 23 | Sitaram Textiles Ltd | -642.45 |
| 24 | The Trichur Co-operative Spinning Mills Ltd | -685.22 |
| 25 | Kerala Electrical & Allied Engineering Company Ltd | -757.51 |
| 26 | The Malappuram Co-operative Spinning Mills Ltd | -795.52 |
| 27 | Kerala State Bamboo Corporation Ltd | -867.55 |
| 28 | Transformers and Electricals Kerala Ltd | -990.00 |
| 29 | SAIL – SCL Kerala Ltd | -1215.00 |
| 30 | Kerala State Textile Corporation Ltd | -2949.70 |

Bindumol K.N
സെക്ഷൻ ഓഫീസർ.

അനുബന്ധം (II)

| ക്രമ നം | ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ |
|---|---|
| 1 | ദി കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ് |
| 2 | കേരള സ്റ്റേറ്റ് ഇൻടസ്ട്രിയൽ ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 3 | ട്രാവൻകൂർ റ്റൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ് |
| 4 | ട്രാവൻകൂർ- കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |
| 5 | മലബാർ സിമൻറ്സ് ലിമിറ്റഡ് |
| 6 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 7 | സ്റ്റീൽ ആൻറ് ഇൻഡസ്ട്രീയൽ ഫോർജിംഗ്സ് ലിമിറ്റ്ഡ് |
| 8 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് |
| 9 | ട്രാൻസ്ഫോർമേഴ്സ് ആൻറ് ഇലട്രിക്കൽസ് കേരള ലിമിറ്റഡ് |
| 10 | ഫോറസ്റ്റ് ഇൻഡസ്ട്രിസ് (ട്രാവൻകൂർ) ലിമിറ്റഡ് |
| 11 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് |
| 12 | സ്റ്റീൽ ഇൻഡസ്ട്രീയൽസ് കേരള ലിമിറ്റഡ് |
| 13 | കേരള ആർട്ടിസാൻസ് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |

Bindumol K.N
സെക്ഷൻ ഓഫീസർ.

അനുബന്ധം(III)

## Loss making units under Industries Department - 2016-17 Quick Estimates
## (Preliminary Report - Not Audited)

Rs.in Crores

| Sl.No | Company | Loss 2016-17 |
|---|---|---|
| 1 | Kerala State Mineral Development Corporation Ltd | -0.11 |
| 2 | KELPALM | -0.21 |
| 3 | Keltron Component Complex Ltd | -0.22 |
| 4 | The Metal Industries Ltd | -1.25 |
| 5 | Trivandrum Spinning Mills Ltd* | -1.80 |
| 6 | HANTEX | -2.52 |
| 7 | Handicrafts Dev Corp. (Kerala) Ltd | -3.00 |
| 8 | Alleppy Co-operative Spinning Mills Ltd | -4.23 |
| 9 | Kerala Clays & Ceramic Products Ltd | -4.26 |
| 10 | Kerala State Drugs & Pharmaceuticals Ltd | -4.27 |
| 11 | Kerala Automobiles Ltd | -5.44 |
| 12 | The Kerala Ceramics Ltd | -5.48 |
| 13 | Sitaram Textiles Ltd | -5.58 |
| 14 | Kerala State Industrial Enterprises Ltd | -5.86 |
| 15 | United Electrical Industries Ltd. | -6.11 |
| 16 | The Trichur Co-operative Spinning Mills Ltd | -6.36 |
| 17 | The Malappuram Co-operative Spinning Mills Ltd | -6.59 |
| 18 | Kerala State Handloom Development Corporation Ltd | -6.59 |
| 19 | The Cannannore Co-op.Spinning Mills Ltd | -8.07 |
| 20 | Autokast Ltd | -9.32 |
| 21 | Kerala State Bamboo Corporation Ltd. | -9.34 |
| 22 | The Quilon Co-operative Spinning Mills Ltd | -9.81 |
| 23 | The Travancore Cements Ltd | -10.17 |
| 24 | Steel Complex Ltd | -10.50 |
| 25 | Kerala Electrical & Allied Engineering Company Ltd | -11.81 |
| 26 | Kerala Small Industries Development Corporation Ltd | -15.99 |
| 27 | Kerala State Textile Corporation Ltd* | -16.33 |

Source: Company

*2016-17 details upto Sept 2016.During Oct 16 to Feb 17 the KSTC mills and TSM are under lay off

# KSDP-Interest on Loans reduced in accordance with the proposed conversion of loans/ Interest to equity as declared in the State Budget by Hon Finance Minister.

# KINFRA and TEXFED are not included

Bindumol. K.N
സെക്ഷൻ ഓഫീസർ.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിശദമായ വിശകലനം പൊതുമേഖലാ വ്യവസായ പുന:സംഘടനാ ബോർഡ് (റിയാബ്) മുഖേന നടത്തിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. അതിനു പുറമേ ഒരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകത്തിനു വിധേയമാക്കി. ഇത്തരം അവലോകനങ്ങൾ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ സഹായിച്ചു.

ഇതിൻെറ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുന:രുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥാപനങ്ങളിലെ മാനവ വിഭവശേഷിയുടെ വികസനത്തിനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.

മുൻ കാലങ്ങളിലെ മോശം പ്രവർത്തനം കാരണം ബാങ്കുകളിൽ നിന്നും മറ്റ് ധനകര്യസ്ഥാപനങ്ങളിൽ നിന്നും സഹായം ലഭിക്കുന്ന സ്ഥിതിയിലല്ല മിക്ക സ്ഥാപനങ്ങളും. ആയതിനാൽ 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങൾക്കായി പ്രത്യേകം വകയിരുത്തിയ 100 കോടിരൂപയ്ക്കുപുറമെ 23 കോടിരൂപകൂടി സർക്കാർ അധിക ധനസഹായമായി നൽകിയിട്ടുണ്ട്. വിപണന മൂല്യമുള്ള ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവിപുലീകരണത്തിലൂടെയും, നവീന സാങ്കേതിക വിദ്യയിലൂടെ ഉൽപ്പാദനക്ഷമതകൂട്ടിയും, ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്ക്കരണത്തിലൂടെ വിപണന സാധ്യതകൾ ഉറപ്പു വരുത്തിയും മാത്രമേ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വിപണിയിലെ കടുത്ത മത്സരത്തെ അതിജീവിക്കുവാൻ സാധിക്കൂയെന്ന് കണ്ടെത്തിയതിൻെറ അ ടിസ്ഥാനത്തി ൽ 2017-18സാമ്പത്തിക വർഷത്തിൽ പ്രവർത്തന മൂലധനസഹായം ഉൾപ്പെടെയുള്ള ആധുനികവത്ക്കരണ പദ്ധതികൾക്കായി പദ്ധതി വിഹിതം 270 കോടിരൂപയായി ഉയർത്തി വകയിരുത്തിയിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം മുതൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾക്കു പുറമേ **കേരളാ മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, മലബാർ സിമൻറ്സ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്,**

**ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, കെൽട്രോൺ, ട്രാവൻകൂർ സിമൻറ്സ് ലിമിറ്റഡ്** എന്നീ സ്ഥാപനങ്ങളിൽ വിപുലമായ വിപുലീകരണ പദ്ധതികൾ പ്രത്യേക ധനസഹായത്തോടുകൂടി നടപ്പിലാക്കുന്നതാണ്.

**ടൈറ്റാനിയം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഒരു ഉൽപ്പാദന സമുച്ചയം** സ്ഥാപിക്കുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കുന്നതിനായി ഒരു ഉന്നതതല കമ്മിറ്റിയെ സർക്കാർ ഉത്തരവ് G.O.(Rt) No.61/2017/ID dt.11/01/2017 പ്രകാരം ചുമതലപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**ടെക്സ്റ്റൈൽ മേഖല**യിലെ സ്ഥാപനങ്ങളുടെ സ്ഥായിയായ പ്രവർത്തനത്തിനും ഉന്നമനത്തിനുമായി പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്നതിനായി ഒരു **വിദഗ്ദ്ധ കമ്മിറ്റി**യെ സർക്കാർ ഉത്തരവ് G.O.(Rt) No.88/2017/ID dt.18/01/2017 പ്രകാരം ചുമതലപ്പെടുത്തി. പ്രസ്തുത കമ്മിറ്റി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

നിലവിലുള്ള സ്ഥാപനങ്ങളുടെ ആധുനികവത്ക്കരണവും വിപുലീകരണവും ലക്ഷ്യമിട്ടുകൊണ്ടുള്ള നടപടികൾക്കാണ് സർക്കാർ പ്രഥമ പരിഗണന നൽകി നടപടികൾ സ്വീകരിച്ചുവരുന്നത്.

Bindumol. K. N
സെക്ഷൻ ഓഫീസർ.